**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4388** **09-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ അധീനതയിലുള്ള താളിയോല പുരാരേഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ അധീനതയിൽ എത്ര താളിയോല പുരാരേഖകൾ സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന പുരാരേഖാ വകുപ്പിൽ 3 റിപ്പോസിറ്ററികളിലായി 15000 ത്തോളം ചുരുണകളും ഗ്രന്ഥങ്ങളുമായി ഒരു കോടിയിലധികം താളിയോലരേഖകൾ സൂക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പുരാരേഖകൾ വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ; | (ബി) | വിദ്യാർത്ഥികൾക്ക് ഗവേഷണാനുമതി നൽകി ഇത്തരം രേഖകൾ പരിശോധിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട രേഖകളുടെ പ്രദർശനം സ്കൂളുകളിലും കോളേജുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും നടത്താറുണ്ട്. ഈ ചരിത്രരേഖകളെ അധികരിച്ചുള്ള പ്രശ്നോത്തരി മത്സരങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു വരുന്നു. തെരഞ്ഞെടുത്ത ചരിത്രരേഖകൾ പുസ്തകരൂപത്തിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. രേഖകളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ ഉണർത്തുന്നതിലേയ്ക്കാവശ്യമായ സെമിനാറുകൾ, ക്ലാസ്സുകൾ, പഠന യാത്രകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. ഏറ്റവും നല്ല പൈതൃക സംരക്ഷണ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ജില്ലയിലെ ഒരു സ്കൂളിന് ഗ്രാന്റ് നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്കൂളുകളിലെ ഹെരിറ്റേജ് ക്ലബ്ബുകൾക്ക് ഹെരിറ്റേജ് അവാർഡും നൽകി വരുന്നു. |
| (സി) | പ്രസ്തുത പുരാരേഖകളിലെ രേഖപ്പെടുത്തലുകൾ വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷകർക്കും പറഞ്ഞു കൊടുക്കുന്നതിന് വിദഗ്ധരായ എത്ര ജീവനക്കാർ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷികൾക്കും വേണ്ട മാർഗ്ഗനിർദ്ദേശവും രേഖകളെ സംബന്ധിച്ച അറിവും പകർന്നു നൽകുന്നു. കൂടാതെ വകുപ്പിലെ മൂന്ന് ട്രാൻസ്ലിറ്ററേറ്റർമാർ പഴയ ലിപിയിലെ രേഖകളുടെ ലിപ്യന്തരണവും വെരിഫിക്കേഷനും നടത്തി വരുന്നു. വകുപ്പ് നടത്തുന്ന പുരാലിഖിത പഠന പരിശീലനം പാസ്സായതിനു ശേഷമാണ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നത്. അതിനാൽ പ്രസ്തുത ജീവനക്കാരും |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് രേഖകൾ സംബന്ധിച്ച അറിവ് പകർന്നു കൊടുക്കുന്നതിൽ വൈദഗ്ദ്ധ്യം ഉള്ളവരാണ്. |

സെക്ഷൻ ഓഫീസർ